# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് – ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കൽ – 51 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 2112/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ആഗസ്റ്റ് 17, 2009.

---

പരാമർശം: 1. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 18-12-2008-ലെ V (12)-ാം നമ്പർ തീരുമാനം.

2. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 20-12-2008-ലെ ഡി-1264/08 നമ്പർ കത്ത്.

3. ഗ്രാമവികസന കമ്മീഷണറുടെ 14-07-2009-ലെ 3522/ഡി.പി.3/09/സി.ആർ.ഡി. നമ്പർ കത്ത്.

<u>ഉത്തരവ്</u>

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടേയും ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി കുഴൽമന്ദം വില്ലേജിലെ സർവ്വേ നമ്പർ 614/07, ബ്ലോക്ക് നമ്പർ 15-ൽപ്പെട്ട 20 സെന്റ് സ്ഥലവും സർവ്വേ നമ്പർ 614/01-ൽപ്പെട്ട 31 സെന്റ് സ്ഥലവും ഉൾപ്പെടെ ആകെ 51 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാധ്യതകൾ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയോടെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി/പ്രസിഡന്റ്, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് ജില്ല.

ജില്ലാ കളക്ടർ, പാലക്കാട്.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.